**സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

(ഹാജർ:ശ്രീമതി.ഷീബ ജോർജ്ജ് IAS വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ & മെമ്പർ സെക്രട്ടറി (SCPS))

വിഷയം: - വനിതാ ശിശു വികസന വകുപ്പ് - ICPS - കാവൽ പദ്ധതി അവയെർനെസ്സ് ക്ലാസ്സ്, മന്തിലി പ്ലാൻ തയ്യാറാക്കൽ, ഓഫീസ് പ്രൊസീജിയേഴ്സ് എന്നിവ സംബന്ധിച്ചുള്ള പരിശീലനം സൂപ്രണ്ടുമാരെ നിയോഗിച്ച് ഉത്തരവാകുന്നു

പരാമർശം :- ബഹു.സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ നിർദ്ദശം

**ഉത്തരവ് നമ്പർ - ICPS-3/1455/18 തീയതി: 09.02.2018**

തിരുവനന്തപുരം, പാലക്കാട് കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം,കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ തെരെഞ്ഞെടുക്കപ്പെട്ട NGO മാർ മുഖാന്തിരം നടപ്പിലാക്കി വരുന്ന കാവൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു അവബോധരൂപീകരണ ക്ലാസ്സ് സംഘടിപ്പിയ്ക്കുന്നതിനും ജെ.ജെ.സ്ഥാപനങ്ങളിലെ മന്തിലി പ്ലാൻ തയ്യാറാക്കൽ, സ്ഥാപനങ്ങളിലെ കുട്ടികളുടെ ദിനചര്യ എന്നിവ സംബന്ധിച്ചുള്ള പരിശീലനം സംഘടിപ്പിയ്ക്കുന്നതിനും പരാമർശപ്രകാരം നിർദ്ദശിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 16.02.2018 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 05.00 മണി വരെ തിരുവനന്തപുരം പൂജപ്പുര വനിതാ ശിശു വികസന ഡയറക്ടറേറ്റ് അനക്സിലെ കോൺഫറൻസ് ഹാളിൽ വച്ച് മേൽസൂചിപ്പിച്ച പരിശീലന പരിപാടി നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത പരിശീലന പരിപാടിയിൽ എല്ലാ ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാരും, ഗവ ഒബ്സർവേഷൻ ഹോം സൂപ്രണ്ടുമാരേയും നിയോഗിച്ച് ഉത്തരവാകുന്നു.

എല്ലാ ജെ.ജെ. സ്ഥാപന സൂപ്രണ്ടുമാരും 16.02.2018 ന് രാവിലെ 10 ന് പൂജപ്പുര വനിതാ ശിശുവികസന ഡയറക്ടറേറ്റ് കോൺഫറൻസ് ഹാളിൽ എത്തിച്ചേരേണ്ടതാണ്. ടി ഉദ്യോഗസ്ഥർക്ക് നിയമാനുസൃത TA/DA യ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**വനിതാ ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി (SCPS)**

എല്ലാ ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും,
ഗവ ഒബ്സർവേഷൻ ഹോം സൂപ്രണ്ടുമാർക്കും,
സൂപ്രണ്ട്, QSS കൊല്ലം

പകർപ്പ്,

1. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
2. ICPS – 4.
3. StockFile.

ഉത്തരവിൻപ്രകാരം

പ്രോഗ്രാം ഓഫീസർ